Circular No. 152
Bible Sunday 2014

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 30 - 5 - 2014

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

ജൂൺ 15-ാം തീയതി ഞായറാഴ്ച കേരളസഭ 'ബൈബിൾ ഞായറായി" ആഘോഷിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച "സുവിശേഷത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലികാഹ്വാനത്തിൽ യേശുക്രിസ്തു മനുഷ്യരുടെ രക്ഷകനാണ് എന്ന സന്തോഷത്തിന്റെ കൈമാറലാണ് സുവിശേഷവൽക്കരണമെന്നും അതിന്റെ യഥാർത്ഥ ഉറവിടം വിശുദ്ധലിഖിതങ്ങളാണെന്നും സമർത്ഥിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണം എന്ന പ്രമാണരേഖയിൽ പറയുന്നത് ഇപ്രകാരമാണ് "സ്വസാന്നിധ്യത്താലും പ്രത്യക്ഷത്താലും വാക്കാലും പ്രവൃത്തിയാലും അടയാളങ്ങളാലും അദ്ഭുതങ്ങളാലും പ്രത്യേകിച്ച് അവിടുത്തെ മരണഉത്ഥാനങ്ങളാലും അവസാനം പരിശുദ്ധാത്മപ്രചോദനത്താലും ക്രിസ്തു ദൈവിക വെളിപാട് പൂർത്തിയാക്കി. ഈ വെളിപാടിനെക്കുറിച്ചുള്ള അറിവ് നമുക്ക് ലഭ്യമായിരിക്കുന്നത് വിശുദ്ധലിഖിതങ്ങളിലൂടെയും വിശുദ്ധപാരമ്പര്യങ്ങളിലൂടെയുമാണ്. സുവിശേഷങ്ങളിലൂടെ ക്രിസ്തുജീവിതവും അപ്പസ്തോലപ്രവർത്തനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വെളിപാടു ഗ്രന്ഥത്തിലൂടെയും സഭാജീവിതവും വിരചിതമായത് സുവിശേഷവത്ക്കരണം ലക്ഷ്യമിട്ടുകൊണ്ടാണ്. വിശുദ്ധലിഖിതങ്ങളാണ് സുവിശേഷവത്ക്കരണത്തിന്റെ യഥാർത്ഥ ഉറവിടം എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. മൂന്ന് ആശയങ്ങളാണ് പരിശുദ്ധ പിതാവ് ഇവിടെ ഉൾച്ചേർക്കുന്നത്.

1. സുവിശേഷവൽക്കരണത്തിന്റെ ഉള്ളടക്കം ബൈബിളിന്റെ ഉള്ളടക്കം തന്നെയാണ്.
2. സുവിശേഷവൽക്കരണത്തിനുള്ള ക്ഷണം ബൈബിളിലൂടെ നമുക്ക് ലഭിക്കുന്നു.
3. വിശുദ്ധഗ്രന്ഥപഠനം നമ്മിൽ പ്രേഷിത തീഷ്ണത വളർത്തുന്നു.

യേശുവിനെ അടുത്തറിഞ്ഞ ശിഷ്യന്മാർ തങ്ങളുടെ അറിവും അനുഭവവും ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് സദ്വാർത്തയായി ലോകം മുഴുവൻ പ്രചരിപ്പിച്ചതുപോലെ സുവിശേഷവൽക്കരണത്തിന്റെയും പ്രേഷിത നിർവ്വഹണത്തിന്റെയും മാതൃകകളാകുവാൻ നമുക്കും സാധിക്കണം. വചനത്തോട് ഭാവാത്മകമായി പ്രതികരിക്കുവാനും അതിനെ കൈമാറുന്നതിൽ താൽപര്യമെടുക്കുവാനും നാം ശ്രമിക്കണം. വചനം പ്രസംഗിച്ചില്ലെങ്കിൽ ഹാ എനിക്ക് ദുരിതം എന്ന് അപ്പസ്തോലനേപ്പോലെ പറയാൻ നമുക്ക് കഴിയണം. ദൈവരാജ്യ വ്യാപനം നമ്മിലൂടെയാണ് ഇന്ന് നടക്കേണ്ടത്. ബൈബിൾ രചയിതാക്കളായ ക്രിസ്തുശിഷ്യന്മാർ കേട്ടതും കണ്ണുകൾകൊണ്ട് കണ്ടതും സൂക്ഷിച്ച് വീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ മാംസം ധരിച്ച ദൈവവചനമായ യേശുവിനെ വി. ബൈബിളിലൂടെ കണ്ടുമുട്ടുവാനും അനുഭവിക്കുവാനും സ്വന്തമാക്കുവാനും ഓരോ ക്രിസ്ത്യാനിക്കും, സകല മനുഷ്യർക്കും സാധിക്കണം എന്നതാണ് സഭയുടെ ആഗ്രഹവും ലക്ഷ്യവും. ഞാനറിഞ്ഞ ദൈവസ്നേഹം പ്രഘോഷിക്കാതിരിക്കാൻ എനിക്കാവില്ല എന്ന അവസ്ഥയിലേക്ക് നാം വളരണം 'ശിഷ്യനിൽ നിന്നും പ്രേഷിതനിലേക്കുള്ള ദൂരം ഒരു വിശുദ്ധ ഗ്രന്ഥപ്രചോദന ദൂരം മാത്രമാണ്! സുവിശേഷവത്ക്കരണത്തിന്റെ നിരന്തര പ്രചോദനവും ചാലകശക്തിയുമായി ബൈബിൾ എന്നും നിലകൊള്ളുന്നു.

സഭയുടെ സംഘാതവും, ഔദ്യോഗികമായ നവസുവിശേഷവൽക്കരണ പ്രക്രിയയിൽ നമ്മുടെ അതിരൂപതയും ക്രിയാത്മകമായ പങ്ക് നിർവ്വഹിക്കണം. സുവിശേഷവൽക്കരണപ്രവർത്തനങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ കേരള സഭയിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണമനസ്സോടെ നമ്മുടെ ഇടവകകളും സംഘടനകളും വ്യക്തികളും തങ്ങളുടെ ധർമ്മം യഥാവിധി നിർവ്വഹിക്കണം. 1981 ൽ മലയാളഭാഷയിൽ സമ്പൂർണ്ണബൈബിൾ പ്രസിദ്ധീകരിക്കുവാനും 2012 ൽ പുതിയ നിയമത്തിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറക്കുവാനും കെ.സി.ബി.സി. ബൈബിൾ കമ്മീഷന് സാധിച്ചു. 1990 ൽ സ്ഥാപിതമായ കേരളാകാത്തലിക് ബൈബിൾ സൊസൈറ്റി 2015 ൽ രജതജൂബിലി ആഘോഷിക്കുകയാണ്. 2014 നവംബർ 30-ാം തീയതി പാലാരിവട്ടം പി.ഒ.സിയിൽ വച്ച് ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നു. ബൃഹത്തായ പല പദ്ധതികളും ജൂബിലി വർഷത്തിൽ സൊസൈറ്റി ഏറ്റെടുക്കുന്നുണ്ട്. 25-ാം വർഷത്തിൽ 25000 പേർ സൊസൈറ്റിയിൽ അംഗങ്ങളാവുക എന്നതാണ് നമ്മുടെ സ്വപ്നം. നമ്മുടെ അതിരൂപതയിൽ നിന്നും സാധിക്കുന്ന എല്ലാവരും ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേർന്ന് സുവിശേഷവത്ക്കരണത്തിൽ പങ്കാളികളാകണമെന്ന് ആഗ്രഹിക്കുന്നു. വചന പഠനത്തിനും പ്രഘോഷണത്തിനും ഉള്ള അവസരങ്ങൾ ഏവരും പ്രയോജനപ്പെടുത്തണം. ജൂൺ 8-ാം തീയതി മുതൽ 14-ാം തീയതിവരെ ബൈബിൾ വാരമായും ജൂൺ 15-ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. ഈ അവസരത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് ബൈബിൾ ഉറവിടമാക്കിക്കൊണ്ടുള്ള സുവിശേഷവൽക്കരണത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളും സജീവമായി പങ്കാളികളാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

സ്നേഹപൂർവം,

✠മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

N.B. : ഈ സർക്കുലർ ജൂൺ 8-ാം തീയതി കുർബാനമധ്യേ വായിക്കേണ്ടതും ബൈബിൾ ഞായറായ ജൂൺ 15-ാം തീയതിയിലെ സ്തോത്ര കാഴ്ച അതിരൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.